(എൽ) സാമ്പത്തിക സഹായം ലഭിച്ചിട്ടില്ല. മൊത്തം ചെലവിന്റെ 40% കേന്ദ്ര സർക്കാർ വഹിക്കാമെന്നറിയിച്ചിട്ടുണ്ട്. ഈ പഠനങ്ങളെ സംബന്ധിച്ച് കേന്ദ്ര സർക്കാർ നിഷ്കർഷിച്ച നിബന്ധനകൾ ഉൾക്കൊള്ളുന്ന കത്ത് അനുബന്ധം (ഇ) ആയി ചേർത്തിട്ടുണ്ട്.†

(എം) കൊച്ചിയിലെ പഠനം 1998 ഏപ്രിൽ മുതൽ പരിഗണനയിലാണ്. എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി. ബസ്സുകൾ

89 (193)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യവും സർവ്വീസ് നടത്തുന്ന എത്ര ബസ്സുകൾ കെ.എസ്. ആർ.ടി.സി.ക്ക് ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ബസ്സുകളാണ് സർവ്വീസ് നടത്താൻ കഴിയാതെ വർക്കുഷോപ്പിൽ ഉള്ളത്;

(സി) ബസ്സുകളില്ലാത്തതുകൊണ്ട് എത്ര റൂട്ടുകളിലാണ് കെ.എസ്. ആർ.ടി.സി. സർവ്വീസ് നിർത്തിവച്ചിട്ടുള്ളത്;

(ഡി) ആവശ്യത്തിന് ബസ്സുകളിറക്കാൻ എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശരാശരി 3200 ബസ്സുകൾ നിത്യവും സർവ്വീസ് നടത്തുന്നു.

(ബി) കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള വർക്കുഷോപ്പുകളിലായി സ്പെയർ പാർട്ടിന്റെ അഭാവത്തിൽ 125 ബസ്സുകൾ നിർത്തിയിരിക്കുന്നു. കൂടാതെ മറ്റ് അറ്റകുറ്റപ്പണികൾക്കായി 340-ഓളം ബസ്സുകൾ വർക്കുഷോപ്പുകളിൽ പിടിച്ചിട്ടുണ്ട്.

(സി) ബസ്സുകളുടെ ദൗർലഭ്യംമൂലം വരുമാനം തീരെകുറഞ്ഞ ചില സർവ്വീസുകൾ ചില ദിവസങ്ങളിൽ ഓടിക്കാറില്ലന്നേയുള്ളൂ. ബസ്സുകളുടെ ലഭ്യതയനുസരിച്ച് പരമാവധി സർവ്വീസുകൾ ഓടിക്കുന്നുണ്ട്.

(ഡി) 'ഹഡ്കോ' ജില്ലാ സഹകരണ ബാങ്കുകൾ എന്നീ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുന്ന വായ്പ ഉപയോഗിച്ച് 1500 ബസ്സുകൾ 2000 വർഷം നിരത്തിലിറക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനകം തന്നെ സർക്കാർ ഗ്യാരന്റിക്കു വിധേയമായി ഹഡ്കോയിൽനിന്നും 100 കോടി രൂപ അനുവദിച്ചു കഴിഞ്ഞു. പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽനിന്നും അനുവദിച്ച രണ്ടു കോടി 87 ലക്ഷം രൂപ ഉപയോഗിച്ച് 30 പുതിയ ബസ്സുകൾ നിരത്തിലിറക്കി. മറ്റു ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

† അനുബന്ധം - XII

LIBRARY ARCHIVES Kerala Legislative Assembly